# File No.DCKNR/3108/2018-C8

റഫ് നമ്പർ : DCKNR/3108/2018-C8

**കണ്ണൂർ ജില്ലാ കളക്ടറുടെ 28/05/2019 തീയ്യതിയിലെ നടപടിക്രമം**
(സാന്നിദ്ധ്യം- മിർ മുഹമ്മദ്അലി, ഐ.എ.എസ്)

വിഷയം:- RFCT LARR Act 2013 - മേലെ ചൊവ്വ അണ്ടർപാസ് നിർമ്മാണം - ഭൂമി ഏറ്റെടുക്കൽ -സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1) മാനേജിംഗ് ഡയറക്ടർ RBDCK യുടെ 17.02.2018 ലെ എൽ.എ 72/2018/262 നമ്പർ അർത്ഥന.
2) പൊതുമരാമത്ത് (ഡി) വകുപ്പിന്റെ 24.07.2018 ലെ സ.ഉ.(സാധാ)നം 1150/പൊ.മ.വ. നമ്പർ ഉത്തരവ്.
3) റവന്യൂ (ബി)വകുപ്പിന്റെ 29.06.2016 ലെ GO(P)No.376/2016/RD നമ്പർ ഉത്തരവ്.
4) റവന്യൂ (ബി)വകുപ്പിന്റെ 13.11.2019 ലെ G.O.(Rt)No.4713/2018/RD നമ്പർ ഉത്തരവ്.
5) ചെയർമാൻ, സാമൂഹ്യാഘാത പഠന യൂനിറ്റ്, കയ്റോസ്, കണ്ണൂർ 30.01.2019 ലെ അന്തിമ റിപ്പോർട്ട്.
6) ചെയർമാൻ, വിദഗ്ധ ഗ്രൂപ്പിന്റെ 17.04.2019 ലെ റിപ്പോർട്ട്

മേലെ ചൊവ്വ അണ്ടർപാസ് നിർമ്മിക്കുന്നതിന് RFCT LARR Act 2013 പ്രകാരം കണ്ണൂർ താലൂക്കിലെ എളയാവൂർ വില്ലേജിൽ റി. സ. നമ്പർ 72, 75, 89 എന്നിവയും കണ്ണൂർ-1 വില്ലേജിൽ 786, 787, 789, 791, 792, 810 എന്നിവയും ഉൾപ്പെടെ ആകെ 23.25 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ മാനേജിംഗ് ഡയറക്ടർ, കേരള റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സൂചന(1) പ്രകാരം 17.02.2018 ന് ഫോറം നമ്പർ 2 ൽ അർത്ഥന സമർപ്പിച്ചിരുന്നതും ടി ഭൂമി ഏറ്റെടുക്കുന്നതിന് സൂചന(2) പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതുമാണ്.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാ കലക്ടറെ സമുചിത സർക്കാരായി സൂചന(3) സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യപ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മേൽ ആക്ടിലെ വകുപ്പ് 4(1) പ്രകാരം കയ്റോസ്, കണ്ണൂർ എന്ന ഏജൻസിയെ നിയമിക്കുകയും അതുപ്രകാരം ഏജൻസി സൂചന(5) പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

സൂചന(4) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ ഗ്രൂപ്പിനെ RFCT LARR Act 2013 ലെ വകുപ്പ് 7(1) പ്രകാരം രൂപീകരിച്ചിരുന്നു. വിദഗ്ധ ഗ്രൂപ്പ് സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സൂചന(6) പ്രകാരം ശുപാർശ സമർപ്പിച്ചതിൽ 60 ഓളം സ്ഥാപനങ്ങളും 152 പേരും അവരുടെ കുടുംബങ്ങളും ബാധിക്കപ്പെടുന്നതായും 28 ഓളം ഭൂവുടമകളുടെ സ്ഥലം ഏറ്റെടുക്കേണ്ടി വരും എന്നും അറിയിച്ചിട്ടുണ്ട്. മേലെ ചൊവ്വയിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഇല്ലാതാക്കാൻ അണ്ടർപാസ് അല്ലാതെ മറ്റൊരു ശാശ്വതപരിഹാരം ഇല്ലെന്നും ഈ സ്ഥലത്തിന് പകരം മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതില്ലെന്നും സാമൂഹ്യപ്രത്യാഘാത വിദഗ്ധ ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിന് വ്യക്തിഗത ആഘാതമുണ്ടാകുമെങ്കിലും അണ്ടർപാസ് നിർമ്മാണം പൊതുസമൂഹത്തിനുണ്ടാക്കുന്ന നേട്ടം വിലപ്പെട്ടതാണെന്ന് കാണുന്നു. ഈ പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം ഏറ്റവും കുറഞ്ഞ അളവിലാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ മേലെ ചൊവ്വ അണ്ടർപാസ് നിർമ്മിക്കുന്നതിന് RFCT LARR Act 2013 പ്രകാരം കണ്ണൂർ താലൂക്കിലെ എളയാവൂർ വില്ലേജിൽ റി. സ. നമ്പർ 72, 75, 89 എന്നിവയും കണ്ണൂർ-1 വില്ലേജിൽ 786, 787, 789, 791, 792, 810 എന്നിവയും ഉൾപ്പെടെ ആകെ 23.25 ആർസ് ഭൂമി RFCT LARR Act ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി ഭൂമി ഏറ്റെടുക്കുന്നതിനായി സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

File No.DCKNR/3108/2018-C8

**MIR MOHAMMED ALI**
**#ApprovedByDesignation**

പകർപ്പ്:

* അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ(ബി) വകുപ്പ്, തിരുവനന്തപുരം
അറിവിലേക്കായി (ആമുഖ കത്ത് സഹിതം)
* മാനേജിംഗ് ഡയറക്ടർ കേരള റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ്
കോർപ്പറേഷൻ, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി.
* സബ് കലക്ടർ, തലശ്ശേരി.
* തഹസിൽദാർ, കണ്ണൂർ.
* സ്പെഷ്യൽ തഹസിൽദാർ (എൽ.എ), തലശ്ശേരി.
* സെക്രട്ടറി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ.
* വില്ലേജ് ആഫീസർ, കണ്ണൂർ-1 .
* വില്ലേജ് ആഫീസർ, എളയാവൂർ.

Signature valid

Digitally signed by MIR MOHAMMED ALI
Date: 2019.05.28 1?:28:35 IST
Reason: Approved